**പതിമൂന്നാം കേരള നിയമ സഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 2820 02-04-2013 -ലെ മറുപടിക്ക്

**തൃശ്ശൂർ ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തൃശ്ശൂർ ജില്ലയിൽ അനുവദിച്ച ഫണ്ടിൽ നിന്നും മുൻ വർഷത്തെ കുടിശ്ശിക കഴിച്ച് ബാക്കി തുച്ഛമായ സംഖ്യയാണ് മണ്ഡലങ്ങളിൽ അനുവദിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | അനുവദിച്ച തുക അപര്യാപ്തമാണെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2012 ഏപ്രിൽ, മെയ് മാസങ്ങളിലെ വരൾച്ചാ കാലയളവിലേയ്ക്ക് അനുവദിച്ച 1.5 കോടി രൂപയുള്ള പദ്ധതികൾക്ക് ടി മാസങ്ങളിൽ തന്നെ ഭരണാനുമതി നൽകിയിട്ടുള്ളതും 2013 ഫെബ്രുവരി മാസം അനുവദിച്ച തുകയിൽ നിന്ന് ഒരു കോടിയോളം രൂപയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. |
| ബി) | കടുത്ത വരൾച്ച നേരിടുന്ന ചാലക്കുടി മണ്ഡലത്തിൽ ഇതിനായി എത്ര അപേക്ഷകൾ സമർപ്പിച്ചുവെന്നും ഇതിൽ എത്രയെണ്ണത്തിന് അനുമതി നൽകിയെന്നും അറിയിക്കുമോ; | ബി) | ചാലക്കുടി നിയോജക മണ്ഡലത്തിൽ നിന്നും കൊടകര (1), കൊരട്ടി (26), മേലൂർ (19), പരിയാരം (26), കോടശ്ശേരി (4), അതിരപ്പള്ളി (2), പഞ്ചായത്തുകളിൽ നിന്ന് വരൾച്ചാ ലഘൂകരണ പദ്ധതികളുടെ പ്രപ്പോസലുകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ കൊരട്ടി (4 പദ്ധതികൾ) കാടുകുറ്റി (1 പ്രവൃത്തി) അന്നമട (2 പ്രവൃത്തികൾ) എന്നീ പഞ്ചായത്തുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | മുഴുവൻ അപേക്ഷകളും പരിഗണിച്ച് അനുമതി നൽകുവാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ? | സി) | 01/02/2013 ലെ സ.ഉ(എം.എസ്)നം. 37/2013/DMD പ്രകാരം ഒരു നിയോജക മണ്ഡലത്തിൽ പരമാവധി ചെലവഴിക്കാവുന്ന തുക 47 ലക്ഷമായി നിജപ്പെടുത്തിയിട്ടുണ്ട്. ചാലക്കുടി മണ്ഡല ത്തിൽ 2012 വർഷം 37,02,825/-(മുപ്പത്തേഴ് ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി ഇരുപത്തഞ്ച് രൂപാ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകി കഴിഞ്ഞതിനാൽ ടി സർക്കാർ ഉത്തരവ് പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ ടി മണ്ഡലത്തിൽ വരൾച്ചക്ക് ചെലവഴിക്കാൻ അനുവദനീയമായ ശേഷിക്കുന്ന തുക 997175/- (ഒമ്പതുലക്ഷത്തി തൊണ്ണൂറ്റേഴായിരത്തി ഒരുന്നൂറ്റി എഴുപത്തഞ്ച |

| | | | |
|---|---|---|---|
| | | | രൂപാ മാത്രം) രൂപയാണ്. അതിൽ നിന്നും 2013 വർഷം ഇതുവരെ 4,25,000/- (നാലു ലക്ഷത്തി ഇരുപത്തയ്യായിരം രൂപാ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ പരിഗണിച്ച് ടി സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം ബാക്കി തുകയിൽ പരിമിതപ്പെടുത്തി ക്കൊണ്ട് അനുമതി നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ